## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

28.03.2018 ൽ മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5916

### ബുക്ക് ബൈൻഡിംഗ് കോഴ്സിന് കെ.ജി.ടി.ഇ. യുടെ അംഗീകാരം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എം.ഷാജി | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യ ക്ഷേമ വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ നടത്തുന്ന ബുക്ക് ബൈൻഡിംഗ് കോഴ്സിന് കെ.ജി.ടി.ഇ. യുടെ അംഗീകാരം ലഭിക്കാത്തത് കാരണം പ്രസ്തുത കോഴ്സ് പഠിച്ചിറങ്ങുന്ന ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പി.എസ്.സി, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് എന്നിവ വഴിയുള്ള നിയമനം നിഷേധിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അംഗീകാരം ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്. |
| (ബി) | പ്രസ്തുത കോഴ്സിന് കെ.ജി.ടി.ഇ.യുടെ സർട്ടിഫിക്കറ്റിന് തത്തുല്യമായ അംഗീകാരം നൽകണം എന്ന് ആവശ്യപ്പെട്ടുകൊണ്ട് സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ 33639/09/H2 നമ്പർ പ്രകാരം 14.07.2009 ൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ നിന്നും ഇത് സംബന്ധിച്ച് സാമൂഹ്യ നീതി ഡയറക്ടർക്ക് മറുപടി നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഈ കത്തിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ 07.04.2009 ൽ C3/3639/09 നമ്പർ പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് കത്ത് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ കത്തിന്റെ അടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസ വകുപ്പ് എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (സി), (ഡി) & (ഇ) | ഉണ്ട്. 07.04.2009 ലെ സി3/3636/2009 നമ്പർ പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറിൽ നിന്ന് സർക്കാരിന് കത്ത് ലഭിക്കുകയും വിഷയം പരിശോധിക്കുകയും ചെയ്തിരുന്നു. എന്നാൽ, 12.09.2014 ലെ ജി.ഒ (എം.എസ്) 780/2014/ഉ.വി.വ നമ്പർ ഉത്തരവ് പ്രകാരം കെ.ജി.ടി.ഇ ബുക്ക് ബൈൻഡിംഗ് ഉൾപ്പെടെ പ്രിന്റിംഗ് ടെക്നോളജിയുമായി ബന്ധപ്പെട്ട എല്ലാ കോഴ്സുകളും പുന:ക്രമീകരിച്ചിട്ടുണ്ട്. അതിനാൽ, കെ.ജി.ടി.ഇ ബുക്ക് ബൈൻഡിംഗ് എന്ന ഒരു കോഴ്സ് ഇപ്പോൾ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ നിലവിലില്ല. മുമ്പ് നിലവിലുണ്ടായിരുന്ന കെ.ജി.ടി.ഇ ബുക്ക് ബൈൻഡിംഗ് കോഴ്സിന് സമാനമായി കെ.ജി.ടി.ഇ പോസ്റ്റ് പ്രസ് ഓപ്പറേഷൻ & ഫിനിഷിംഗ് എന്ന കോഴ്സ് ആണ് നിലവിലുള്ളത്. വി.ടി.സി നടത്തുന്ന ബുക്ക് ബൈൻഡിംഗ് കോഴ്സ് കെ.ജി.ടി.ഇ പോസ്റ്റ് പ്രസ് ഓപ്പറേഷൻ & ഫിനിഷിംഗ് എന്ന കോഴ്സിന് തുല്യമാണോ എന്നത് വിശദമായ പരിശോധനയ്ക്ക് ശേഷം മാത്രമേ തീരുമാനിക്കാൻ കഴിയുകയുള്ളൂ. ഈ വിഷയം സർക്കാരിന്റെ പരിശോധനയിലാണ്. |
| (ഡി) | സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കത്തിന് മറുപടിയായി ഉന്നത വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ 15.05.2009 ൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർക്ക് അയച്ച 2154/L2/09/ഉ.വി.വ. കത്തിന്റെ അടിസ്ഥാനത്തിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; | | |
| (ഇ) | ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾ പഠിക്കുന്ന കോഴ്സ് ആയതിനാൽ വി.ടി.സി.നടത്തുന്ന ബുക്ക് ബൈൻഡിംഗ് കോഴ്സ് കെ.ജി.ടി.ഇ. യുടെ പരീക്ഷ ഒഴിവാക്കി കെ.ജി.ടി.ഇ. യുടെ ബുക്ക് ബൈൻഡിംഗ് കോഴ്സിന് തത്തുല്യമായ അംഗീകാരം നൽകുന്നതിനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ.